## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** — **19-06-2024 - ൽ മറുപടിയ്ക്ക്**

## ഹയർ സെക്കണ്ടറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് പകരം താലൂക്കടിസ്ഥാനത്തിൽ കണക്കാക്കാൻ തയ്യാറാകുമോ; | (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് പകരം ജില്ലാ അടിസ്ഥാനത്തിലാണ് നടത്തുന്നത്.<br>സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നത് മൂലം വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. വി.എച്ച്.എസ്.ഇ വിഭാഗത്തിൽ സ്കൂളുകളുടെ എണ്ണം കുറവായതിനാൽ സംസ്ഥാനതലത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്. കേരളത്തിലെ എല്ലാ താലൂക്കുകളിലും വി.എച്ച്.എസ്.ഇ സ്കൂൾ ഇല്ലാത്തതിനാൽ താലൂക്ക് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രായോഗികമല്ല. |
| (ബി) | മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച് പ്രൊഫസർ കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത മേഖലയിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും, എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട്മെന്റുകൾ |

| | | | |
|---|---|---|---|
| | | | നടന്നു വരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ